# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7956 — 16.07.2014–ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. എം.ഹംസ — ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## സർക്കാർ ജീവനക്കാർക്ക് ശമ്പളം, അലവൻസുകൾ എന്നീയിനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുക

| | | |
|---|---|---|
| (എ) | 2013–14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, അലവൻസുകൾ യാത്രാപ്പടി മറ്റിനങ്ങൾക്കായി സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചു; ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ 2013–14 സാമ്പത്തിക വർഷത്തിലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും, ശമ്പളം, അലവൻസുകൾ എന്നീ ഇനത്തിൽ ചെലവായ തുക 18670.45 കോടി രൂപയാണ്. 2013–14 സാമ്പത്തിക വർഷം യാത്രാപ്പടി ഇനത്തിൽ 90.18 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ഖജനാവിൽ നിന്നും ശമ്പളയിനത്തിൽ ദിവസ വേതനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നീ ഇനത്തിൽ 2013–14 വർഷത്തിൽ എത്ര തുക ചെലവഴിച്ചു; | 2013–14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും ദിവസ വേതനക്കാരുടെ ശമ്പളം മറ്റ് ചെലവുകൾ എന്നീ ഇനത്തിൽ 232.49 കോടിയോളം രൂപ ചെലവഴിച്ചു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി എത്ര തവണ ഡി.എ വർദ്ധിപ്പിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി 6 തവണ ഡി.എ വർദ്ധിപ്പിച്ചു. |

| നം. | ഡി.എ നിരക്ക് (ശതമാനത്തിൽ) | പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|
| 1 | 7% | 01/07/2011 |
| 2 | 7% | 01/01/2012 |
| 3 | 7% | 01/07/2012 |
| 4 | 8% | 01/01/2013 |

| | | |
|---|---|---|
| 5 | 10% | 01/07/2013 |
| 6 | 10% | 01/01/2014 |

| | | |
|---|---|---|
| (ഡി) | സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി ചെലവഴിക്കുന്നത്; വിശദമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ 2013-14 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 39.32 ശതമാനമാണ് ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിച്ചത്. |
| (ഇ) | ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | 11.10.2013 ലെ സ.ഉ (പി)നം. 515/2013/ധന, 28.11.2013 ലെ സ.ഉ (പി)നം. 580/2013/ധന എന്നീ ഉത്തരവുകൾ വഴി സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്തുവാനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ചുമെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി, എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 08.08.2012 ലെ സ.ഉ (പി)നം. 441/2012/ധന, സ.ഉ (പി)നം. 442/2012/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.<br>ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജി |

| | | |
|---|---|---|
| | | സ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.. കൂടാതെ നോൺ-പ്ലാൻ ചെലവുകൾ ബജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ സ.ഉ (പി)നം. 382/2013/ധന, 11.10.2013 ലെ സ.ഉ (പി) നം. 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ